**C 80457** (Pages : 3) Name.................................

Reg. No.................................

# SIXTH SEMESTER B.A./B.Sc. DEGREE EXAMINATION, MARCH 2020

(CUCBCSS-UG)

Malayalam

MAL 6B 11—MALAYALA KAVITHA–POORVA GHATTAM

Time : Three Hours Maximum : 80 Marks

I. ഒറ്റവാക്കിൽ ഉത്തരമെഴുതുക:

1. മണിപ്രവാള ലക്ഷണ ഗ്രന്ഥം ഏത്?
2. രാമചരിതത്തിലെ ഇതിവൃത്തമെന്ത്?
3. ഉണ്ണു നീലിസന്ദേശത്തിന്റെ രചനാകാലം എപ്പോൾ?
4. പുനം നമ്പൂതിരിയുടെ ഭാഷാരാമായണം ചമ്പുവിന് എത്ര ഖണ്ഡങ്ങളുണ്ട്?
5. എഴുത്തച്ഛനെ 'പുതുമലയാണ്മതൻ മഹേശ്വരൻ' എന്നു വിശേഷിപ്പിച്ചതാര്?
6. 'കുചേലവൃത്തം വഞ്ചിപ്പാട്ട്' ആരുടെ സമക്ഷത്തിലേക്ക് രചിച്ചതാണ്?
7. തുള്ളൽവൃത്തം എന്നറിയപ്പെടുന്നത് ഏത് വൃത്തമാണ്?
8. നളചരിതത്തെ ജോസഫ് മുണ്ടശ്ശേരി വിശേഷിപ്പിച്ചതെങ്ങനെ?
9. രണ്ടാം ഘട്ട മണിപ്രവാളത്തിലെ പ്രഥമകൃതിയേത്?
10. 'മദിരാശിക്കടൽക്കര' എന്ന പച്ചമലയാളകൃതി രചിച്ചതാര്?

(10 × ½ = 5 marks)

II. ഒന്നോ രണ്ടോ വാക്യത്തിൽ ഉത്തരമെഴുതുക:

11. ''പാരീരേഴിനെയും പൂതമാക്കുന്ന സാധുക്കളുടെ
പാദതീർത്ഥമാകസ്മിക മേൽപ്പാനെത്തുമോ?''
- 'പാദതീർത്ഥം' എന്ന പദത്തിന്റെ അർത്ഥം വ്യക്തമാക്കുക.

12. ''വിരഹമോ കഠോരം, കടലിതുവീതഗാധവാരം
വിധുര വിധുര മിതിനാൽ വീണുഴന്നു''
- ആര് ആരോടു പറയുന്നു?

13. ''മിന്നോടു തരമായ്ത്തോസ്റ്റും''
മെയ്നിറമുടയോനേക്കാൺ''
- ഈ വരികളിൽ പരാമർശിക്കുന്നതാരെ?

14. 'ദ്രമിഡസംഘാതാക്ഷര നിബദ്ധം' എന്ന നിർദേശത്തിന്റെ പൊരുളെന്ത്?

15. ''രണ്ടു കൊണ്ടുമുണ്ടായോളം സുഖവും തൃപ്തിയും കീഴി-
ലുണ്ടായിട്ടില്ലൊ രിക്കലുമെനിക്കുസഖേ'' - ഏതൊക്കെ?

(5 × 2 = 10 marks)

III. അഞ്ചു ചോദ്യത്തിന് ഒരു ഖണ്ഡികയിൽ കവിയാതെ ഉത്തരമെഴുതുക :

16. ''കാലത്തിന്റെ പകർച്ച നിനച്ചാൽ
മാലോകർക്കു പൊറുപ്പാൻ മേലാ
വേലികൾ തന്നെ വിളവുമുടിച്ചാൽ
കാലികളെന്തു നടന്നീടുന്നു'' - ആശയം വിശദമാക്കുക.

17. നളചരിതം നാലാം ദിവസത്തെ കഥ ചുരുക്കി എഴുതുക.

18. ''കണ്ടാലൊട്ടറിയുന്നു ചിലരിതു
കൊണ്ടാലും തിരിയാ ചിലർക്കേതുമേ
കണ്ടതൊന്നുമേ സത്യമല്ലെന്നതു
മുമ്പേ കണ്ടിട്ടറിയുന്നിതു ചിലർ'' - വിശകലനം ചെയ്യുക.

19. സന്ദേശകാവ്യങ്ങളുടെ രചനാപരമായ സവിശേഷതകൾ ചൂണ്ടിക്കാണിക്കുക.

20. ''വിശുദ്ധനായ ഭവാന്റെ ഭവപീഡ തീർന്നുപോമീ
വശക്കേടു ശമിക്കുമ്പോള തിനെന്തുള്ളൂ''
- ആരുടെ ഭവപീഡ? വിശദമാക്കുക.

21. ''സത്തൻമാരാം ഭവാൻ മാർക്കിവനുടയ പണ -
സ്സുഞ്ചി സൂക്ഷിച്ചു നൽകാൻ
ചിത്തം മണ്ടിച്ചിടാതെ കനിയണമിവനി -
ല്ലന്യരാരും സഹായം'' - സന്ദർഭവും സ്വാരസ്യവും വ്യക്തമാക്കുക.

22. ഉണ്ണുനീലിസന്ദേശത്തിലെ പ്രഭാതവർണന സംഗ്രഹിക്കുക.

(5 × 5 = 25 marks)

IV. നാലുചോദ്യത്തിന് മുന്നൂറു വാക്കിൽ കവിയാതെ ഉത്തരമെഴുതുക :

23. ചോളഭാഷയും കേരള ഭാഷയും കൂടിക്കലർന്ന ഒരു മിശ്രഭാഷാകൃതിയായി ആർ. നാരായണപ്പണിക്കർ രാമചരിതത്തെ കാണുന്നു - ശരിയോ? പത്താം പടലത്തെ മുൻനിർത്തി വിശദമാക്കുക.

24. കുചേലവൃത്തം വഞ്ചിപ്പാട്ടിന് ആസ്വാദനമെഴുതുക.

25. ശബ്ദാലങ്കാരങ്ങൾ കൊണ്ടുള്ള രചനാമാധുര്യം നിറഞ്ഞു വഴിയുന്ന കൃതിയാണ് ഭാഷാരാമായണം ചമ്പു. സോദാഹരണം വിശദമാക്കുക.

26. കൃഷ്ണഗാഥയിലെ പൂതനാമോക്ഷ ഭാഗത്തിന്റെ കാവ്യഭംഗി വിശകലനം ചെയ്യുക.

27. ഉണ്ണുനീലി സന്ദേശത്തിന്റെ രചനാപരമായ പ്രത്യേകതകൾ എന്തെല്ലാം?

28. നളചരിതത്തിലെ നാടകീയതയെക്കുറിച്ച് ഉപന്യസിക്കുക.

(4 × 10 = 40 marks)